Sl. No.

# SSLC MODEL EXAMINATION, MARCH - 2021

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 40 സ്കോർ ആയിരിക്കും.

Score

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

1. ''അവള്ളു മറ്റുള്ളോരെ തീറ്റുകാ. എന്നിട്ട് അവള് ഒണങ്ങുകേം. ഏനു ചീത്തപ്പേരുണ്ടാക്കരുതെന്ന് എന്നും പറയും.'' 1

(പ്ലാവിലക്കഞ്ഞി)

– കോരന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത് ?

- ചിരുതയെ പരിപാലിക്കുന്നതിലുള്ള ശ്രദ്ധക്കുറവ്
- ചിരുതയോടുള്ള സ്നേഹം
- മറ്റുള്ളവരെ തീറ്റുന്നതിലുള്ള അതൃപ്തി
- അപ്പനെ കളവുപറഞ്ഞ് സന്തോഷിപ്പിക്കാനുള്ള ശ്രമം

2. ''ഇല്ലച്ഛമ്മേ; ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ.'' 1

(ഓരോ വിളിയും കാത്ത്)

– കുട്ടിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവം എന്ത് ?

- സങ്കടം
- ഭയം
- ആഹ്ലാദം
- പരിഹാസം

P.T.O.

Score

3. "എങ്ങോട്ടു പോകുന്നുവെന്ന് ചോദിച്ചില്ല, 1
എന്തിനെന്നും..."

(അമ്മത്തൊട്ടിൽ)

– ഇത്തരമൊരു ചോദ്യം അമ്മ ചോദിക്കാഞ്ഞത് എന്തുകൊണ്ടാവും ?

- തന്നെ ഉപേക്ഷിക്കയാണെന്ന തിരിച്ചറിവ്.
- പോകുന്ന സ്ഥലം മുൻകൂട്ടി പറഞ്ഞതുകൊണ്ട്.
- മകനിലുള്ള അമ്മയുടെ വിശ്വാസം.
- ചോദിച്ചിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയതുകൊണ്ട്.

4. "എന്നാൽ '<u>കൊതിയ സമാജം</u>' കൂടിയിരുന്നത് ഞങ്ങളുടെ വക മുല്ലശ്ശേരിൽ പറമ്പിന്റെ അതിർത്തിയിൽ നിന്ന ശർക്കരമാവിന്റെ കീഴിലായിരുന്നു." 1

(കൊച്ചു ചക്കരച്ചി)

– അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം ഏത് ?

- കൊതിയരുടെ സമാജം
- കൊതിയും സമാജവും
- കൊതിയുടെ സമാജം
- കൊതിയാകുന്ന സമാജം

5. "ബയനറ്റിനെക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്." 1

(പത്രനീതി)

– നെപ്പോളിയന്റെ ഈ അഭിപ്രായത്തിന്റെ പൊരുളെന്ത് ?

- പത്രങ്ങളുടെത് പരിഹാസ്യമായ നിലയാണ്.
- പത്രങ്ങളെ ഏകാധിപതികൾപോലും ഭയപ്പെട്ടിരുന്നു.
- പത്രം ബയനറ്റിനെപ്പോലുള്ള ആയുധമാണ്.
- ഭരണാധികാരികൾ പത്രത്തെ പേടിക്കുന്നതിന് അടിസ്ഥാനമില്ല.

6. "ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ <u>ഉള്ളിൽ തീയായിരുന്നു.</u> 1

(പണയം)

– അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷാർഥം എന്ത് ?

- ചെമ്പുമത്തായിക്കു കൊടുക്കേണ്ട പലിശയെപ്പറ്റിയുള്ള ആധി.
- റേഡിയോ നഷ്ടമാവുന്നതിലുള്ള അസഹ്യമായ ദുഃഖം.
- ചാക്കുണ്ണിയുടെ ശരീരത്തിനു തീ പിടിച്ചു.
- ചെമ്പുമത്തായി റേഡിയോ തട്ടിയെടുക്കുമോ എന്ന പേടി.

Score

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ( 2 സ്കോർ വീതം)**

7. ''അപ്പോൾ നമ്മുടെ വേരുകളോ ?'' 2

''അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ.''

(വേരുകൾ)

– നമ്മുടെ വേരുകൾ അമ്മയായ ഈ ഭൂമിയിൽത്തന്നെ എന്നു പറയുന്നതിനുള്ള രണ്ടു കാരണങ്ങൾ എഴുതുക.

8. ''തമ്പ്രാ, ഏനു നെല്ലുകൂലി മതി. ചക്രം മേണ്ട.'' 2

(പ്ലാവിലക്കഞ്ഞി)

– ഇങ്ങനെ പറയാൻ കോരനെ പ്രേരിപ്പിച്ചതെന്ത് ?

9. അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി മാറ്റിയെഴുതുക. 2

വരമ്പിലേക്കു ചാഞ്ഞുകിടക്കുന്ന കതിരിൽ ചവിട്ടി അതാ ആരോ നടന്നുപോകുന്നു.

10. ''ഇപ്പോൾ വിജനമായീ തെരുവീഥികൾ 2

ആകാശഗോപുരങ്ങൾക്കു താഴത്തവ

നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.''

(അമ്മത്തൊട്ടിൽ)

– നഗരജീവിതത്തിന്റെ എന്തെല്ലാം പ്രത്യേകതകളാണ് ഈ വരികളിൽ തെളിയുന്നത് ?

11. ''ആ മാവു തളിർക്കുകയും പൂത്തു കുടച്ചക്രം പോലെ സ്വർണ്ണ 2

സ്ഫുലിംഗങ്ങൾ പാറി വിലസുകയും ഇലകളിൽ നിന്ന്

ഈഷന്മാത്രം നിറഭേദമുള്ള മാമ്പഴക്കിങ്ങിണികൾ

ചാർത്തി നിൽക്കയും...''

(കൊച്ചു ചക്കരച്ചി)

– ഈ വർണ്ണനയുടെ ഏതെങ്കിലും രണ്ടു പ്രത്യേകതകൾ കണ്ടെത്തിയെഴുതുക.

Score

**12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)**

12. ''അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറു കൊടുക്കണം. 4

അതു മാത്രമാണ് അവന്റെ ആഗ്രഹം.''

(പ്ലാവിലക്കഞ്ഞി)

''എങ്ങിനി കൊണ്ടിറക്കേണ്ടൂ സ്വയം ബുദ്ധി-

കെട്ടു കരിന്തിരിയാളും വരെയവർ

ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള

ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ ?''

(അമ്മത്തൊട്ടിൽ)

– തന്നിരിക്കുന്ന സന്ദർഭങ്ങളെ മുൻനിർത്തി 'പ്ലാവിലക്കഞ്ഞി' യിലെ കോരന്റെയും 'അമ്മത്തൊട്ടി'ലിലെ മകന്റെയും മനോഭാവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

13. ''ഒരു വിളിക്കുവേണ്ടി എന്നും കാതോർക്കുന്ന അമ്മ, ഇപ്പോൾ അതില്ലാതായതോടുകൂടി പൊടുന്നനെ വാർദ്ധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതിവീണതുപോലെ.'' 4

(ഓരോ വിളിയും കാത്ത്)

– അച്ഛന്റെ അസാന്നിധ്യം അമ്മയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ് ? സന്ദർഭവും കഥയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. ''ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു.'' 4

(ഓരോ വിളിയും കാത്ത്)

– മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'ഓരോ വിളിയും കാത്ത്' എന്ന കഥയുടെ ആഖ്യാന സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുക.

15. ''നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ 4

നീരാതെ മാറോട് ചേർത്തു വച്ചിട്ടുണ്ട്.''

''മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണമായ്

പാടയും പീളയും മൂടിയ കണ്ണുകൾ.''

(അമ്മത്തൊട്ടിൽ)

– അമ്മയുടെ അവശതയും ദൈന്യവും ഈ വാങ്മയചിത്രങ്ങളിൽ തെളിയുന്നുണ്ടോ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

16. ''നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയും നന്നേ...'' 4

(പുറനാനൂറ് – ഔവ്വയാർ)

''സ്നേഹം നരകത്തിൻ ദ്വീപിൽ-സ്വർഗ-
ഗേഹം പണിയും പടുത്വം''

(ചണ്ഡാലഭിക്ഷുകി – കുമാരനാശാൻ)

(ഗേഹം = വീട്, പടുത്വം = സാമർഥ്യം)

– തന്നിരിക്കുന്ന വരികളിലെ ആശയതലം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

17. ''കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല.'' 4
'കൊച്ചുചക്കരച്ചി'യിലെ അമ്മയുടെ വിശ്വാസമാണ് ഈ വാക്യത്തിലുള്ളത്. പ്രകൃതിയോട് ഇക്കാലത്തും ഇത്തരമൊരു കാഴ്ചപ്പാട് നാം വച്ചു പുലർത്തുന്നുണ്ടോ ?
പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

18. ''വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽവച്ച് വൃക്ഷമായത് മാവു തന്നെയാണ്.'' 4

(കൊച്ചുചക്കരച്ചി)

– ലേഖകൻ ഈ അഭിപ്രായം സ്ഥാപിക്കുന്നതെങ്ങനെ ?
പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. ''കാലേ രാവുനിറന്നനിലാവാൽ
കമുകിൻ പൂവരി തൂകി, ത്തൂമയി-
ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ-
യെഴുന്നെള്ളുകയാണോണത്തപ്പൻ'' 4

(ഓണമുറ്റത്ത്)

– മാവേലി മന്നനെ വരവേൽക്കാൻ മലനാട്ടിന്റെ പ്രകൃതി ഒരുങ്ങിയിരിക്കുന്നത് എങ്ങനെയെല്ലാമാണെന്നാണ് കവി വർണിക്കുന്നത് ? തന്നിരിക്കുന്ന വരികളും കവിതയും പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

20. ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.'' 4

(ശ്രീനാരായണഗുരു)

''ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പ്രസ്തുത സന്ദേശത്തെ പരിഗണിക്കാം.'' – കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണത്തിന്റെ പൊരുൾ ശ്രീനാരായണഗുരുവിന്റെ സന്ദേശം മുൻനിർത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

21. ''പൊക്കിളിൻ വള്ളി-
യടർത്തിക്കളഞ്ഞു നിൻ
പൊൽക്കരൾക്കൂട്ടിന്റെ-
യുള്ളിൽ വന്നപ്പൊഴേ
പോയ കാലത്തിൻ
മധുരങ്ങളിൽക്കൊതി-
യൂറുന്ന ശീലം
മറന്നു തുടങ്ങി ഞാൻ.'' 4

(അമ്മയുടെ എഴുത്തുകൾ)

– പുതിയകാലത്തിന്റെ ഏതെല്ലാം മനോഭാവങ്ങളെയാണ് കവി ഇവിടെ വിമർശന വിധേയമാക്കുന്നത് ? തന്നിരിക്കുന്ന ഭാഗവും കവിതയും പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**22 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

22. ''നാളെ ഉച്ചതിരിഞ്ഞതല്യോ, നാഴി കഞ്ഞോളം കിട്ടുന്നെ. 6
പാരയിടിക്കാനും മുങ്ങിക്കുത്താനുമൊള്ളതല്യോ ?
കാലത്ത് ഒന്നു കലക്കി മോന്തിക്കോണ്ടു പാം.''
''അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച
നോക്കിനിന്ന് ചിരുത ആനന്ദിച്ചു.''
''ഏൻ ഇന്നലെ ഒരു മൊറം നെയ്തു വച്ചിരുന്നു.
അതു കൊടുത്തിട്ട് ഏഴുചക്രം കിട്ടി.''

(പ്ലാവിലക്കഞ്ഞി)

'അധ്വാനത്തിന്റെയും കുടുംബബന്ധത്തിന്റെയും മൂല്യം തിരിച്ചറിയുന്ന ശക്തയായ കഥാപാത്രമാണ് ചിരുത.'

– പ്രസ്താവനയും തന്നിരിക്കുന്ന സന്ദർഭങ്ങളും പാഠഭാഗവും മുൻനിർത്തി ചിരുത എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

23. ''ഗ്രാമജീവിതത്തിന്റെ പരിശുദ്ധിയും കുടുംബബന്ധങ്ങളുടെ ശക്തിയുമാണ് 'ഓരോ വിളിയും കാത്ത്' എന്ന ചെറുകഥയിൽ ആവിഷ്ക്കരിക്കുന്നത്.'' 6

– പ്രസ്താവന വിലയിരുത്തി 'ഓരോ വിളിയും കാത്തി'ലെ 'കുടുംബസങ്കൽപം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

Score

24. സമൂഹത്തിൽ വളർന്നു വരുന്ന സ്വാർഥതയുടെയും ആർത്തിയുടെയും ഇരകളായിത്തീരുന്നുണ്ട് വൃദ്ധജനങ്ങൾ എന്ന ആശയമാണ് 'അമ്മത്തൊട്ടി'ലിൽ ആവിഷ്ക്കരിക്കുന്നത്. കവിതയും സമകാലികസാമൂഹിക ജീവിത സന്ദർഭങ്ങളും പരിഗണിച്ച് 'വാർദ്ധക്യത്തിന് തണലേകാം' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക. 6

25. "അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴി കൂവിയപ്പോൾ, ചത്ത കോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി മത്തായി മാർഗേണ കൂകി: "നോക്കിക്കോ..." 6

"അങ്ങനെ മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു."

"എന്റെ മകനേ, ഈ നന്ദികെട്ടവരുടെ ഇടയീന്ന്

കർത്താവെന്നെയങ്ങ് വിളിച്ചിരുന്നെങ്കിൽ! "

(കോഴിയും കിഴവിയും)

തന്നിരിക്കുന്ന സന്ദർഭങ്ങളും കഥയിലെ ആശയവും മുൻനിർത്തി 'കോഴിയും കിഴവിയും' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(പ്രമേയം, കഥാപാത്രങ്ങളുടെ ജീവിതവീക്ഷണം, സാമൂഹിക വിമർശനം, ആഖ്യാന സവിശേഷത എന്നിവ പരിഗണിക്കണം)

-oOo-